LIBRARY ARCHIVES Kerala Legislative Assembly

ഗൃഹശ്രീ ഭവന പദ്ധതി

253 (601) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം അനുവദിക്കുന്ന വീടുകളുടെ നിർമ്മാണം ആരെയാണ് ഏൽപ്പിക്കുന്നത് ;

(ബി) പ്രസ്തുത പദ്ധതിക്ക് ഏതെല്ലാം സർക്കാർ ഇതര സംഘടനകളാണ് ധനസഹായം വാഗ്ദാനം ചെയ്തിട്ടുള്ളത് ; ഇതിൽ സർക്കാർ സബ്സിഡി എത്രയാണ് ;

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് നിർമ്മിക്കുന്ന വീടുകൾ എത്ര വർഷത്തേക്കാണ് കൈമാറ്റം ചെയ്യുകയോ വിൽക്കുകയോ ചെയ്യാൻ പാടില്ല എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് ?

ഉത്തരം

(എ) ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം അനുവദിക്കുന്ന വീടുകളുടെ നിർമ്മാണം അതാത് ഗുണഭോക്താക്കളിൽ നിക്ഷിപ്തമാണ്.

(ബി) 28-2-2015 വരെ ഗൃഹശ്രീ ഭവന പദ്ധതിയിൽ 536 സർക്കാർ ഇതര സംഘടനകളാണ് ധനസഹായം വാഗ്ദാനം ചെയ്തിട്ടുള്ളത്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.* ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം ഒരു വീടിനു ലഭിക്കുന്ന സർക്കാർ സബ്സിഡി 2 ലക്ഷം രൂപയാണ്.

(സി) ഗൃഹശ്രീ ഭവന പദ്ധതിയുടെ നിബന്ധനകൾ അനുസരിച്ച് നിർമ്മിക്കുന്ന വീടുകൾ 15 വർഷത്തേക്ക് കൈമാറ്റം ചെയ്യുകയോ, വിൽക്കുകയോ ചെയ്യാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഹൗസിംഗ് ഫിനാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ

254 (602) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പാലോട് രവി :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹൗസിംഗ് ഫിനാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത കോർപ്പറേഷൻ രൂപീകരണത്തിലൂടെ കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പാർപ്പിട വികസനത്തിന് സഹായകമാകുംവിധം പ്രസ്തുത കോർപ്പറേഷനെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ;

(ഡി) കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 1956-ലെ കമ്പനീസ് ആക്ട് പ്രകാരം 19-7-2013-ന് സംസ്ഥാനത്ത് പൊതുമേഖലയിൽ, കേരള സ്റ്റേറ്റ് ഹൗസിംഗ് ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് രൂപീകരിച്ചു.

(ബി) നാഷണൽ ഹൗസിംഗ് ബാങ്ക് മുതലായ സ്ഥാപനങ്ങളിൽനിന്നും ധനസമാഹരണം നടത്തി സംസ്ഥാനത്തെ ഭവന നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ഭവന നിർമ്മാണ ഏജൻസികൾക്കും വ്യക്തികൾക്കും ന്യായമായ നിരക്കിൽ ഭവന വായ്പ ലഭ്യമാക്കുന്നതിനുവേണ്ടിയാണ് കോർപ്പറേഷൻ രൂപീകരിച്ചിട്ടുള്ളത്.

(സി&ഡി) പാർപ്പിട വികസനത്തിന് സഹായകരമാകും വിധം കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഷെൽട്ടർ ഫണ്ട് (അഭയ നിധി), സാങ്കേതിക വികസന നിധി (ടെക്നോളജി ഇന്നൊവേഷൻ ഫണ്ട്) എന്നിവയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കോർപ്പറേഷൻ പൂർണ്ണരൂപത്തിൽ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.

അഫോർഡബിൾ ഹൗസിംഗ് സ്കീം

255 (603) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഫോർഡബിൾ ഹൗസിംഗ് സ്കീമിനു രൂപം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്കീം വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly